LIBRARY ARCHIVES Kerala Legislative Assembly

കന്നംകളം നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച റോഡുകൾ

14 (5361) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കന്നംകളം നിയോജമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഏതെല്ലാമാണ് ഈ റോഡുകൾ ; ഈ റോഡുകളുടെ പ്രവൃത്തി ഏതു ഘട്ടത്തിലാണ് വിശദാംശം വ്യക്തമാക്കുമോ ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കൂടുതൽ റോഡുകൾക്ക് ഇക അനുവദിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ; സ്വീകരിച്ചു എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നടപടി സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസ വായ്പാ കടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടി

15 (5362) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ കടിശ്ശിക എഴുതിതള്ളുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എത്രപേരുടെ വായ്പാകടിശ്ശിക ഇതുവരെ എഴുതി തള്ളിയിട്ടുണ്ടെന്ന് പറയാമോ ;

(ഡി) വിദ്യാഭ്യാസ വായ്പയുടെ പലിശ ഇളവിന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം ; എത്രപേർ അപേക്ഷ നൽകി ; ജില്ല തിരിച്ചുള്ള വിവരം നൽകുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

(എഫ്) വിദ്യാഭ്യാസ വായ്പ പലിശ ഇളവ് നൽകുന്നതിന് കേന്ദ്രസർക്കാർ എത്ര തുക നൽകിയെന്നും, അതിൽ സംസ്ഥാന സർക്കാർ ബാങ്കുകൾക്ക് എത്ര തുക കൈമാറിയെന്നും പറയാമോ ;

(ജി) വായ്പാകുടിശ്ശികയുടെ പേരിൽ ബാങ്കുകളുടെ പീഡനങ്ങളിൽ നിന്നും കുട്ടികളേയും രക്ഷകർത്താക്കളേയും രക്ഷിക്കുവാനും പരിധിയില്ലാതെ എല്ലാവർക്കും പലിശ ഇളവനുവദിക്കുവാനും അർഹരായവരുടെ വായ്പാകുടിശ്ശിക എഴുതിതള്ളാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിതള്ളുന്നതിന് നിലവിൽ പദ്ധതികൾ ഒന്നുമില്ല. എന്നാൽ അർഹരായവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ, വായ്പാ പുനഃക്രമീകരണം, ഇളവുകൾ നൽകൽ എന്നിവ ബാങ്കുകൾ നൽകിവരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

(എഫ്) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പലിശ സബ്സിഡി പ്രകാരം കേരളത്തിലെ അപേക്ഷകർക്ക് ബാങ്കുകൾ വഴി കേന്ദ്ര സർക്കാർ നൽകിയ തുക താഴെ പറയുന്നു :

വർഷം	നൽകിയ തുക
2009-10	46.69 കോടി
2010-11	144.04 കോടി
2011-12	274.18 കോടി
2012-13	392.15 കോടി
2013-14	379.65 കോടി

(ജി) സംസ്ഥാന സർക്കാരിന്റെ ബി.പി.എൽ. പലിശ സബ്സിഡി സ്കീം പ്രകാരം 364375000 രൂപ അനുവദിച്ചിട്ടുണ്ട്. വായ്പ കുടിശ്ശികയാകുമ്പോൾ, ബാങ്കുകൾ നിയമാനുസൃതമായ നടപടികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർ 1-4-2004 മുതൽ 31-3-2009 വരെ കാലഘട്ടത്തിൽ എടുത്ത വിദ്യാഭ്യാസ ലോണുകളുടെ റിക്കവറി നടപടികൾക്ക്

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര പലിശ സബ്സിഡി സ്കീം പ്രകാരം പലിശ സബ്സിഡിക്ക് അപേക്ഷിച്ചവരുടെ വിദ്യാഭ്യാസ ലോണിന്റെ റിക്കവറി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നിലവിൽ പദ്ധതികൾ ഒന്നുമില്ല. എന്നാൽ അർഹരായവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ, വായ്പാ പുനഃക്രമീകരണം, ഇളവുകൾ നൽകൽ എന്നിവ ബാങ്കുകൾ നൽകി വരുന്നുണ്ട്.

വിദ്യാഭ്യാസ വായ്പയുടെ ഇൻഷ്വറൻസ് പരിധി

16 (5363) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുക്കുമ്പോൾ ഇൻഷ്വറൻസ് പരിധിയിൽ വിദ്യാർത്ഥിയും രക്ഷകർത്താവും ഉൾപ്പെടുമോ; വിശദാംശം നൽകുമോ ;

(ബി) ജോയിന്റ് അക്കൗണ്ടായി വായ്പ എടുക്കുന്നവരുടെ കാര്യത്തിൽ രക്ഷകർത്താവ് മരണപ്പെട്ടാൽ ഇൻഷ്വറൻസിന്റെ ആനുകൂല്യം ലഭിക്കുമോ ; വിശദമാക്കാമോ ;

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വായ്പയ്ക്ക് അനുബന്ധമായി ഇൻഷ്വറൻസ് എടുക്കണമെന്ന വ്യവസ്ഥ ഇപ്പോൾ നിലവിലില്ല. എന്നാൽ വിവിധ കമ്പനികൾ നടപ്പിലാക്കിയ ഇൻഷ്വറൻസ് പദ്ധതികളിൽ താൽപര്യാർത്ഥം വിദ്യാർത്ഥികൾക്കോ, രക്ഷകർത്താക്കൾക്കോ സ്വമേധയാ ചേരാവുന്നതാണ്. അങ്ങനെ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുണ്ടെങ്കിൽ നിയമാനുസൃതം അർഹമായ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

17 (5364) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2012-13 മുതൽ 2014-15 വരെ ഓരോ വർഷവും 100 ദിവസം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ കണക്ക് ലഭ്യമാക്കാമോ ;

(ബി) ഗ്രാമീണമേഖലയിലെ പാവപ്പെട്ടവർക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly